# ഇന്ത്യയിലെ ഹനുമാന്മാര്

ഇന്ത്യക്കാര് പ്രവൃത്തിമേഖലയിലെ കര്മ്മകുശലത കൊണ്ട് എന്നെ എപ്പോഴും അദ്ഭുതപ്പെടുത്തുന്നവരാണ്.  മൂന്നു ദശകങ്ങള്ക്ക് മുമ്പ് പരീക്ഷണാടിസ്ഥാനത്തില് ഓഫീസില് കമ്പ്യൂട്ടര് / വേഡ് പ്രോസസിങ് പരിചയപ്പെടുത്തിയപ്പോഴാണ് ഞാന് ആദ്യമായി ഇതനുഭവിച്ചറിഞ്ഞത്. സാധാരണ ടൈപ്പ് റൈറ്ററില് ഒരു അസിസ്റ്റന്റ് അഞ്ചോ ആറോ പേജുകള് ടൈപ്പു ചെയ്യുന്നിടത്താണ് ഒരാള് ഇരുപത്തിയഞ്ച് പേജ് ടൈപ്പു ചെയ്തു എന്നെ അദ്ഭുതപ്പെടുത്തിയത്. അദ്ദേഹത്തിന്റെ വ്യക്തിപരമായ മികവ്, അല്ലെങ്കില് ഒരു വേറിട്ട സംഭവമായേ ഞാനതിനെ കണക്കിലെടുത്തുള്ളൂ.

ഒരു ഐ.ഐ.എം. പോസ്റ്റ് ഗ്രാജ്വേറ്റ് പ്രോഗ്രാമിലേക്കുള്ള അഡ്മിഷന് 35ല് നിന്നും 105 ആയി ഞാനുയര്ത്തിയപ്പോള്, അധ്യാപകേതര ജീവനക്കാരുടെ എണ്ണം ഉയര്ന്നില്ലെങ്കിലും മുഴുവന് ഡിപ്പാര്ട്ടുമെന്റിലെയും, എന്തിന് അക്കൗണ്ട്സ് ഓഫീസിലേതുപോലും,  ജോലിഭാരം മൂന്നിരട്ടിയായാണ് വര്ദ്ധിച്ചത്. അദ്ധ്യാപകരുടെ എണ്ണത്തിലാവട്ടെ 22 ല് നിന്നും 24 ലേക്കുള്ള ഒരു നേരിയ വര്ദ്ധനവു മാത്രമേ ഉണ്ടായുള്ളൂ. (ഒന്നാംവര്ഷം അതു 22 ല് നിന്നും 20 ആയി കുറഞ്ഞിരുന്നു).

പഴയ ബോധ്യങ്ങളെ ന്യായീകരിക്കുന്നതായിരുന്നില്ല പിന്നീട് ഞാന് ഇന്ത്യന് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടു എത്തിയപ്പോഴത്തെ സംഭവവികാസങ്ങള് . അവിടെ ഞാന്  കണ്ടത് 60 പി.ജി.പി വിദ്യാര്ത്ഥികള്ക്ക്  30 അധ്യാപകേതര ജീവനക്കാരെയാണ്. ക്രമാനുഗതമായി വിദ്യാര്ത്ഥികളുടെ എണ്ണം 120, 180, ഒടുവില് 260 ആയി ഉയര്ന്നപ്പോഴും ജീവനക്കാരുടെ എണ്ണം മാറിയില്ല. 60ല് നിന്നും 260ലേക്കുള്ള വിദ്യാര്ത്ഥികളുടെ ക്രമാനുഗതമായ വര്ദ്ധനവിന് അത്രയും ജീവനക്കാരേ അവശ്യമുള്ളൂവെന്നു മനസ്സിലായത് അപ്പോഴാണ്.

അദ്ധ്യാപകരുടെ കാര്യത്തിലും സ്ഥിതി അതുതന്നെയായിരുന്നു.  60 വിദ്യാര്ത്ഥികള് ഉണ്ടായിരുന്നപ്പോള് അദ്ധ്യാപകരുടെ എണ്ണം 20 ആയിരുന്നു. വിദ്യാര്ത്ഥികളുടെ എണ്ണം 120 ആയി ഉയര്ന്നപ്പോള് അദ്ധ്യാപകരുടെ എണ്ണം 24 ആയി. വിദ്യാര്ത്ഥികള് വീണ്ടും കൂടി 180 ആയപ്പോഴും അദ്ധ്യാപകരുടെ എണ്ണം കൂടിയില്ല. (ഒന്നാം വര്ഷം അതു 17 ആയി താഴുകയും ചെയ്തു.) ഒടുവില് വിദ്യാര്ത്ഥികളുടെ എണ്ണം 260ലേക്കു കുതിച്ചപ്പോള് അദ്ധ്യാപകര് 28 ആയി വര്ദ്ധിച്ചതേയുള്ളൂ.

ഇതിനെല്ലാം പുറമേ ഇത്രയും അദ്ധ്യാപകര് ഓണ്ലൈന് പ്രോഗ്രാമിലെ 240 പേരുടെ അധികച്ചുമതലയും ഏറ്റെടുത്തു. പോരാ, നിരവധി മാനേജുമെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകള്ക്കും കോണ്ഫറന്സുകള്ക്കും പുറമേ ഒരാഴ്ചയോളം നീണ്ടുനിന്ന പത്തോളം ഫാക്കല്റ്റി ഡിവലപ്മെന്റ്

പ്രോഗ്രാമുകളും വിജയകരമായി നടന്നു. എപ്പോഴാണ് അവരുടെ സേവനം മുഴുവനായും ഉപയോഗപ്പെടുത്തിയത് എന്നെനിക്കറിയില്ല.

ഒന്നു ഞാന് മനസ്സിലാക്കുന്നു, ഇന്ത്യക്കാരുടെ കര്മ്മശേഷി അപാരമാണ്. ആ കര്മ്മകുശലതയെ പൂര്ണമായും ഉപയോഗിക്കാന് ആവശ്യമായ അനുപാതിക തോതിലുള്ള വെല്ലുവിളികള് അതതുസമയം ക്രമീകരിക്കാന് നമുക്കാവുന്നില്ല.

ഹനുമാനുമായി തീര്ച്ചയായും രക്തബന്ധമുള്ളവരാണവര്. എന്തെന്നാല്, ഹനുമാന് അസാധാരണമായ കര്മ്മശേഷിയായിരുന്നു, ഒപ്പം ഒരു ശാപവും - ആരെങ്കിലും ഓര്മ്മിപ്പിക്കാത്തിടത്തോളം സ്വന്തം കഴിവുകളെപറ്റി ഓര്മ്മയുണ്ടാവുകയില്ല. എന്നെങ്കിലും നമുക്ക് നമ്മുടെ ജീവനക്കാരുടെ കര്മ്മശേഷി പൂര്ണമായും വിനിയോഗിക്കാന് സാധിക്കുമോ? എന്നെ സംബന്ധിച്ചിടത്തോളം, അതിന്നും ഒരു ലീഡര്ഷിപ്പ് ചാലഞ്ച്, മാനവശേഷി സംബന്ധമായ നിഗൂഢത ഒക്കെയായി അവശേഷിക്കുന്നു.

(ഇന്ത്യന് ഇന്സ്റ്റിറ്റ്യൂട്ട് ഓഫ് മാനേജുമെന്റ് കോഴിക്കോട് മുന് ഡയറക്ടറാണ് പ്രൊഫസര് കൃഷ്ണകുമാര്, kk661946@gmail.com)